# അവ്യക്തമായ സങ്കല്പങ്ങളോട്

## കത്തുകൾ പ്രതികരണങ്ങൾ

**കഴിഞ്ഞ ലക്കത്തിൽ ടി. ആർ. അനിൽകുമാർ 'അവ്യക്തമായ സങ്കല്പങ്ങൾ' എന്ന ശീർഷകത്തിൽ എഴുതിയ കത്തിനെക്കുറിച്ച്:–**

വികാരമില്ലാതെ എങ്ങിനെ പ്രതികരിക്കാനാകും. പ്രത്യേകിച്ചും സ്ത്രീക്ക്.

സ്ത്രീ വിരുദ്ധ നിലപാടുകൾ സമൂഹത്തിൽ നൂറ്റാണ്ടുകളായി നിലനിൽക്കുന്നവയാണ്. ഓരോ കാലഘട്ടത്തിലും അതിന്റെ രൂപവും ഭാവവും മാറിക്കൊണ്ടിരിക്കുന്നു. അതുകൊണ്ടുതന്നെ സ്ത്രീപക്ഷചിന്തകളിൽ അല്പം അവ്യക്തതയുണ്ടാകാം.

നിലനിൽക്കുന്ന വ്യവസ്ഥയിൽ പുരുഷനും പ്രശ്നങ്ങളുണ്ട് എന്ന അന്വേഷണം ആരംഭിച്ചത് സ്ത്രീപക്ഷ ചിന്തകരാണ്.

വ്യവസ്ഥയുടെ പ്രശ്നങ്ങൾ തിരിച്ചറിഞ്ഞവർ പോലും വ്യവസ്ഥ അനുവദിച്ചുതരുന്ന ആനുകൂല്യങ്ങളിൽ കടിച്ചുതൂങ്ങിനിൽക്കുകയും കുടുംബഭാരം, സംരക്ഷണം തുടങ്ങിയ (Risk)റിസ്കുകൾ ഏറ്റെടുക്കുകയും ചെയ്യുന്നു. സ്ത്രീയും പുരുഷനും പരസ്പരം മനസ്സിലാക്കി സംഘടിച്ച് ഈ വ്യവസ്ഥയെ തകർത്തെറിയുക എന്നതാണ് ഞങ്ങളുടെ ലക്ഷ്യം.

സ്ത്രീ 'വെറുമൊരു' പ്രദർശന വ്യക്തിത്വമായി 'നിന്നുകൊടുക്കുന്നത്' എന്ന വാക്യത്തിൽ തന്നെ ഈ 'വെറുമൊരു നിന്നുകൊടുക്കൽ' സ്ത്രീയുടെ തീരുമാനമല്ല എന്നദ്ദേഹം വ്യക്തമാക്കുന്നുണ്ട്. ഇന്നത്തെ സാമ്പത്തിക ചുറ്റുപാടിൽ അധിപതിയായ പുരുഷനേക്കാൾ സങ്കീർണ്ണതകളിലും പാപങ്ങളിലും പീഢകളിലും അധിപതിയല്ലാത്ത സ്ത്രീ കുടുങ്ങുന്നു എന്നത് മനസ്സിലാക്കാൻ അധികം വിശകലനമൊന്നും വേണ്ട.

1. സ്ത്രീ എങ്ങിനെ വസ്ത്രം ധരിക്കണമെന്ന് നിശ്ചയിക്കുന്നത് പുരുഷനാണ്. അത് പുരുഷാധിപത്യ വ്യവസ്ഥയുടെ അടിസ്ഥാന ഘടകമായ കുടുംബം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ജോലി സ്ഥലങ്ങൾ, മത സ്ഥാപനങ്ങൾ തുടങ്ങിയവയിലേക്ക് ഈ നിയന്ത്രണം നീളുന്നു.

2. തന്നേപ്പോലെ തന്നെയാണ് മറ്റ് ആണുങ്ങളും എന്ന് ധരിക്കുന്ന വീട്ടിലെ ആണുങ്ങൾ (അച്ഛൻ, ആങ്ങളമാർ, കാമുകൻ, ഭർത്താവ്, മകൻ) സ്ത്രീയുടെ ബന്ധങ്ങളെ പ്രത്യക്ഷമായും പരോക്ഷമായും നിയന്ത്രിക്കുന്നു.

ചെറുപ്പം മുതലേ വാക്ക്, നോട്ടം, പ്രവൃത്തി എന്നിവയിൽക്കൂടിയുള്ള ലൈംഗിക ചൂഷണങ്ങൾക്കിരയാകേണ്ടി വരുന്ന സ്ത്രീ പുരുഷനോട് തുറന്നിടപഴകാൻ മടിക്കുന്നതിൽ അസ്വാഭാവികതയൊന്നുമില്ല.

3. ക്യാമറയുടെ കണ്ണും ഭാഷയും എന്നും പുരുഷനെ തൃപ്തിപ്പെടുത്തുന്ന വിധമാണ്.

നിഴലിനോടാണ് യുദ്ധം ചെയ്യുന്നതെങ്കിൽ യഥാർത്ഥ രൂപത്തോട് യുദ്ധം ചെയ്യാൻ ഞങ്ങളോടൊപ്പം കൂടുക.

**ചേതനയ്ക്കു വേണ്ടി**
**ഷീനാജോസ്, രജിനി, രമ**
**തൃശ്ശൂർ**

## ലിമിറ്റഡ്സ്റ്റോപ്പ് അഥവാ അവനോൻപടി

പാലക്കാട് ഗുരുവായൂർ റൂട്ടിലെ സ്വകാര്യബസ്സുകളിൽ മുന്നിലും പിറകിലും 'ലിമിറ്റഡ് സ്റ്റോപ്പ്' എന്ന് നല്ല വലുപ്പത്തിൽ തന്നെ എഴുതിവച്ചിട്ടുണ്ട്. ഈയൊരു നടപടി വെറും പേരിന് മാത്രമാണ്. എല്ലാ സ്റ്റോപ്പിലും നിർത്തി ആളെ കയറ്റിയാണ് ഈ ബസ്സുകളുടെയെല്ലാം യാത്ര. സ്വന്തം വീടിനു മുന്നിൽ കൈ കാണിച്ചാലും മതി ബസ്സ് താനെ നിന്നോളും. പിന്നെ എന്തിനാണ് ലിമിറ്റഡ് സ്റ്റോപ്പ് എന്ന ബോർഡ് (സ്റ്റിക്കർ) എന്ന് ചോദിച്ചാൽ ഇതെല്ലാം ആർ. ടി. ഒ നിശ്ചയിച്ചിരിക്കുന്ന സ്റ്റോപ്പുകളാണെന്നാണ് കണ്ടക്ടറുടേയും 'കിളി'യുടേയും മറുപടി. കൂടുതൽ സംസാരിച്ചിട്ട് കാര്യമില്ല കാരണം ഈ റൂട്ടുകളിലോടുന്ന സ്വകാര്യ ബസ്സുകളെല്ലാം തന്നെ ഈ കാര്യത്തിൽ ഒറ്റ യൂണിയനാണ്. ഇവരുടെ ഈ കലാപരിപാടി സാധാരണ യാത്രക്കാരേക്കാളുപരി ബുദ്ധിമുട്ടുണ്ടാക്കുന്നത് വിദ്യാർത്ഥികൾക്കാണ്. ലിമിറ്റഡ് സ്റ്റോപ്പ് എന്ന ഭീഷണി മുഴക്കി കിളികളും കണ്ടക്ടറും വിദ്യാർത്ഥികൾക്ക് അയിത്തം കല്പിക്കുന്നു. അധികൃതരുടെ അടുത്ത് പരാതിപ്പെട്ടിട്ടും കാര്യമില്ല. കാരണം ഇത് നാളുകളായി തുടർന്നുവരുന്ന ആചാരമാണ്.

ഈ ഒരു പ്രതിഭാസം തന്നെയാണ് കോഴിക്കോട്-തൃശ്ശൂർ റൂട്ടിലും. ബസ്സിൽ സീറ്റിങ്ങ് കപ്പാസിറ്റി ഫുൾ ആയാലും നിൽക്കുന്നവരുടെ എണ്ണം കുറവാണെങ്കിൽ നയം മാറ്റും പിന്നെ മേൽ വിവരിച്ച പോലെയാണ് കാര്യങ്ങൾ. ആവുന്നത്ര നേരത്തെ സ്ഥലത്തെത്താൻ വേണ്ടിയാണ് ലിമിറ്റഡ് സ്റ്റോപ്പിനെ ആശ്രയിക്കുന്നത്. 'അവനോൻപടി' സ്റ്റോപ്പിനെതിരെ പ്രതികരിച്ചാൽ തന്നെയും അത് വ്യക്തിപരമായ ഇടപെടൽ എന്നു കണക്കാക്കി സഹയാത്രികർ ഒറ്റപ്പെടുത്തുകയേയുള്ളൂ. യാത്രക്കാർ ഒന്നടങ്കം സംഘടിച്ചാലെ ഈ പ്രശ്നത്തിന് ഒരു പോംവഴിയുണ്ടാകൂ.

**ശ്രീനി അയിരൂർ**

## ഇത് അനുചിതം

കേരളീയം ലക്കം 51ൽ പ്രസിദ്ധീകരിച്ച 'സ്വാഭാവിക പ്രസവ'ത്തെ കുറിച്ചുള്ള കുറിപ്പ് അനുചിതമായിപ്പോയി. നമ്മുടെ ആരോഗ്യ മേഖലയിലെ സമകാലീന പ്രവണതകളിൽ ആശങ്കാജനകമായവയുണ്ടെങ്കിലും പുതിയ ചികിത്സാ രീതികളുടെ സ്വാധീനം തള്ളിക്കളയാനാവുന്നതല്ല. പ്രസവത്തെ തുടർന്നുള്ള മരണവും മറ്റ് ദുരന്തങ്ങളും ഇന്ന് ഏറെ കുറവായതിനു കാരണം ആധുനിക ചികിത്സ തന്നെയാണ്. പ്രസവം ഒരു രോഗമല്ലെങ്കിലും സ്വാഭാവിക പ്രസവം ഒരു റിസ്ക് തന്നെയാണ്. നിരന്തരമായ കടുത്ത ജീവിതചര്യകൾ കൊണ്ട് മാത്രം നേടിയെടുക്കാവുന്ന ഇത് ഇന്നത്തെ ജീവിത സാഹചര്യത്തിൽ ആശാസ്യമല്ല എന്നിരിക്കെ, ഇത്തരം സംഭവങ്ങൾ വാർത്തയാക്കി മാറ്റുന്ന 'പത്രധർമ്മം' അംഗീകരിക്കാനാവില്ല. 'മാതൃഭൂമി' വാരാന്തപ്പതിപ്പിലും മാസങ്ങൾക്കു മുമ്പ് സമാനമായ വാർത്ത 'ഗംഭീര'മായി അവതരിപ്പിച്ചിരുന്നു.

**കെ. സി. ബിജു, ചെറുവത്താനി**

## ഹരിത നിക്ഷേപത്തിലൂടെ ഹരിത ലാഭം !

പ്രകൃതി സംരക്ഷണ ബോധവൽക്കരണത്തിന് വേണ്ടി വംശനാശത്തേക്കുറിച്ചുള്ള സിഡികൾ, വംശ നാശ വിജ്ഞാനകോശം എന്നിവ പ്രസിദ്ധീകരിക്കാൻ നിക്ഷേപകരെ ആവശ്യമുണ്ട്. ഒരു വർഷം കൊണ്ട് 100 ശതമാനം ലാഭവും മുതൽ മുടക്കും തിരിച്ചു നൽകുന്നതാണ്. മൊത്തം 3 ലക്ഷം രൂപ ആവശ്യമുള്ള പദ്ധതിയിൽ മൊത്തമായോ 50,000 രൂപയുടെ പങ്കാളികളോ ആകാൻ തയ്യാറാകാൻ താല്പര്യമുള്ളവർ ബന്ധപ്പെടുക.

ലത്തീഫ് കിഴിശ്ശേരി,
പി. ബി. നമ്പർ: 929,
കോഴിക്കോട് - 673 005
E-mail:
lateefkizhisseri@indexonline.org